ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിലെ കയറ്റിറക്ക് തൊഴിലാളികൾ

181 (5071) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ കയറ്റിറക്ക് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾ മരണപ്പെടുകയോ അവർക്ക് ജോലി ചെയ്യാൻ കഴിയാത്ത സാഹര്യമുണ്ടാവുകയോ ചെയ്താൽ അവരുടെ ഒരു അവകാശിയെ ജോലിക്കെടുക്കാമെന്ന് അവാർഡുണ്ടായിട്ടുണ്ടോ ;

(ബി) 2005 മാർച്ച് 15, മേയ് 30, ജൂൺ 15 എന്നീ തീയതികളിൽ തൊഴിൽ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ പ്രസ്തുത തൊഴിലാളികളെ ഘട്ടം ഘട്ടമായി സ്ഥിരപ്പെടുത്താമെന്ന ധാരണയുണ്ടായോ ;

(സി) അതുപ്രകാരം പ്രസ്തുത തൊഴിലാളികളിൽ എത്രപേരെ സ്ഥിരപ്പെടുത്തി ; ബാക്കിയുള്ളവരെ സ്ഥിരപ്പെടുത്താത്തതെന്തുകൊണ്ടാണ് ;

(ഡി) ഈ തൊഴിലാളികളിൽ പ്രായാധിക്യം ബാധിച്ചവർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകി പിരിച്ചുവിടുകയും ബാക്കിയുള്ളവരെ സ്ഥിരപ്പെടുത്തുകയും ചെയ്യുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ ?

ഉത്തരം

(എ) കമ്പനിയിൽ പിഗ്മെന്റ്, സൾഫർ, ഇൽമനൈറ്റ്, സ്ക്രാപ്പ്, സ്റ്റോഴ്സ് മെറ്റീരിയൽസ് തുടങ്ങിയ വിഭാഗങ്ങളിലെ കയറ്റിറക്ക് ജോലികൾ 1978-79 കാല ഘട്ടത്തിലെ ആർബിട്രേഷൻ അവാർഡ് പ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കരാർ തൊഴിലാളികൾ മുഖാന്തിരമാണ് ചെയ്തുവരുന്നത്. 1979-ലെ പി.എൻ. കൃഷ്ണപിള്ള അവാർഡ് പ്രകാരം തൊഴിലാളി ആയിരിക്കവെ മരണമടയുകയോ, സ്ഥിരവൈകല്യംമൂലം ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥമൂലമോ ഉണ്ടാകുന്ന ഒഴിവുകളിൽ, പ്രസ്തുത തൊഴിലാളിയുടെ ഒരു ആശ്രിതന് തൊഴിൽ നൽകണമെന്ന് വ്യവസ്ഥയുണ്ട്.

(ബി & സി) അവാർഡ് പ്രകാരമുള്ള കയറ്റിറക്ക് തൊഴിലാളികൾ കമ്പനിയിൽ സ്ഥിരനിയമനം ആവശ്യപ്പെട്ട് തൊഴിൽ വകുപ്പിനെ സമീപിക്കുകയും, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 15-3-2005-ലും, 15-6-2005-ലും നടന്ന യോഗ തീരുമാനമനുസരിച്ച് സൾഫർ, ഇൽമനൈറ്റ് എന്നീ വിഭാഗങ്ങളിലെ 55 വയസ്സിന് താഴെ പ്രായമുള്ള കരാർ തൊഴിലാളികളെ സ്ഥിരനിയമനം നടത്തുന്നതിന് പരിഗണിക്കണമെന്നും, ബാക്കി വിഭാഗങ്ങളിലെ കയറ്റിറക്ക് തൊഴിലാളികളെ ഘട്ടംഘട്ടമായി നിയമിക്കാനുള്ള നടപടികൾ എടുക്കണമെന്നും തീരുമാനിച്ചിരുന്നു. എന്നാൽ സൾഫർ, ഇൽമനൈറ്റ് എന്നിവ കമ്പനിയിൽ കൊണ്ടുവരുന്നതിന് ലോറിക്കുപകരം

LIBRARY ARCHIVES Kerala Legislative Assembly

ടിപ്പറുകൾ ഉപയോഗിക്കുമ്പോൾ ഇറക്കുജോലി ഇല്ലാതാകുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന ആ വിഭാഗത്തിലെ തൊഴിലാളികൾക്ക് മാനുഷിക പരിഗണന നൽകി കമ്പനിയിൽ സ്ഥിരജോലി നൽകണമെന്ന വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന മേൽപ്പറഞ്ഞ ചർച്ചയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ അനുമതി കമ്പനി തേടിയിരുന്നു. അതനുസരിച്ച് പ്രസ്തുത വിഭാഗത്തിലെ തൊഴിലാളികളെ ജനറൽ ഹെൽപ്പർ എന്ന തസ്തിക സൂപ്പർന്യൂമററി ആയി സൃഷ്ടിച്ച് നിയമനം നൽകുന്നതിന്, G.O.(Ms.) No. 6/2007/ID. dated, 15-1-2007 നമ്പർ പ്രകാരം ഗവൺമെന്റ് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനെത്തുടർന്ന് കമ്പനി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാവുകയും തന്മൂലം പലതരത്തിലുള്ള ചെലവ് ചുരുക്കൽ നടപടികൾ കൈക്കൊള്ളാൻ കമ്പനി നിർബന്ധിതമാകുകയും ചെയ്തു. ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയം ചെയ്യുകയും, അധിക ജീവനക്കാരെ മറ്റു മേഖലകളിൽ പുനഃർവിന്യസിച്ചു വരികയുമാണ്. ആയതിനാൽ (Professional /Skilled യോഗ്യത വേണ്ടുന്ന അത്യാവശ്യ തസ്തിക ഒഴികെ) പുതിയ നിയമനങ്ങൾ ഈ കാലഘട്ടത്തിൽ കമ്പനിക്ക് നടത്തുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ ടിപ്പർ സംവിധാനത്തിൽ സൾഫർ, ഇൽമനൈറ്റ് എന്നിവ കമ്പനിയിൽ എത്തിക്കുന്നതിന് ലോറി മുഖേനയുള്ള സംവിധാനത്തേക്കാൾ കൂടുതൽ ചെലവ് വരുന്നതായും കണ്ടെത്തിയിരുന്നു. ആയതിനാൽ കമ്പനി ഡയറക്ടർ ബോർഡ് സൾഫർ. ഇൽമനൈറ്റ് വിഭാഗങ്ങളിലെ കയറ്റിറക്ക് തൊഴിലാളികൾക്ക് സ്ഥിര നിയമനം നൽകുന്നതിനുള്ള തുടർ നടപടികൾ കൈക്കൊള്ളുന്നകാര്യം പരിഗണിക്കുകയും മേൽ പ്രസ്താവിച്ച കാരണങ്ങളാൽ തൽക്കാലം സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് മാറ്റിവയ്ക്കുകയുമാണുണ്ടായത്. എന്നാൽ 15-1-2007-ലെ ഗവൺമെന്റ് ഓർഡർ നടപ്പിലാക്കണമെന്ന അവാർഡ് തൊഴിലാളികളുടെ തുടർന്നുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അവാർഡ് തൊഴിലാളികൾക്ക് സ്ഥിര നിയമനം നൽകുന്നത് വഴി കമ്പനിക്കുണ്ടാകുന്ന ബാദ്ധ്യത/ലാഭം/നഷ്ടം, മറ്റ് അനുബന്ധ വിഷയങ്ങളെക്കുറിച്ച് ഒരു പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും, ടി കമ്മിറ്റി അത് പരിശോധിച്ചു വരികയാണ്.

(ഡി) മലിനീകരണ നിവാരണ പദ്ധതിക്കായി വൻ സാമ്പത്തിക ബാദ്ധ്യത കമ്പനിക്ക് നേരിടേണ്ടി വരുന്നതിനാൽ കയറ്റിറക്ക് തൊഴിലാളികളുടെ supernumerary നിയമനങ്ങൾ നടത്തുന്നതിന് ഇപ്പോൾ പരിമിതികളുണ്ട്. എന്നാൽ ബഹുമാനപ്പെട്ട തൊഴിൽവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കയറ്റിറക്ക് തൊഴിലാളികളെ സ്ഥിര നിയമനത്തിന് പരിഗണിക്കുമ്പോൾ പ്രായാധിക്യം ബാധിച്ച (55 വയസ്സ് കഴിഞ്ഞ) തൊഴിലാളികൾക്ക് നിയമാനുസൃതമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് കമ്പനി നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly